# പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2660 14.02.2013-ൽ മറുപടിയ്ക്ക്

## വിപണിയിലെത്തുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധന

ചോദ്യം

ശ്രീ. എ.പ്രദീപ്കുമാർ

ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ)

ശ്രീ. രാജു എബ്രഹാം

ശ്രീ. ബി.സത്യൻ

മറുപടി

ശ്രീ. വി.എസ്. ശിവകുമാർ

(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

| | |
|---|---|
| (എ)വിപണിയിലെത്തുന്ന മരുന്നുകളുടെ ഒന്നരശതമാനം മാത്രമേ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നുള്ളു എന്നതുകൊണ്ട് ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ വിപണിയിൽ അധികമായി എത്തുന്നുണ്ടെന്ന് സർക്കാർ മനസ്സിലാക്കിയിട്ടുണ്ടോ; | (എ)മരുന്നുകൾ ഉല്പാദിപ്പിക്കുന്ന കമ്പനികൾ തീവ്രമായ പരിശോധനകൾ നടത്തിയാണ് മരുന്നുകൾ വിപണിയിൽ എത്തിക്കുന്നത്. ഈ മരുന്നുകളുടെ റാൻഡം സാമ്പിളുകൾ ഡ്രഗ്സ് ഇൻസ്പെക്ടർമാർ എടുത്ത് പരിശോധന നടത്തിവരുന്നുണ്ട്. ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ ഉല്പാദിപ്പിക്കുന്ന മരുന്ന് കമ്പനികൾക്കെതിരെ നിയമ/ഡിപ്പാർട്ടുമെന്റുതല നടപടികൾ എടുത്തു വരുന്നു. |
| (ബി)നിലവാരം കുറഞ്ഞ മരുന്നു വിറ്റതിന്റെ പേരിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്യുകയോ മാതൃകാപരമായ ശിക്ഷാനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി നിലവാരം കുറഞ്ഞ മരുന്ന് വിറ്റതിന്റെ പേരിൽ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. നിലവാരം കുറഞ്ഞ മരുന്നുകൾ ഉല്പാദിപ്പിച്ച കമ്പനികൾക്ക് എതിരെ നിയമ / ഡിപ്പാർട്ടുമെന്റൽ നടപടികൾ എടുത്തിട്ടുണ്ട്. 2010-ൽ 36 കമ്പനികൾക്കും, 2011-ൽ 29 കമ്പനികൾക്ക് എതിരെയും, 2012-ൽ 21 കമ്പനികൾക്കെതിരെയും നടപടികൾ എടുത്തിട്ടുണ്ട്. |
| (സി)കാലാവധി കഴിഞ്ഞതോ കഴിയാറായതോ ആയ മരുന്നുകൾ വിൽക്കുന്ന കടകൾക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (സി) കാലാവധി കഴിഞ്ഞ മരുന്നുകൾ വിറ്റ കടകൾക്കെതിരെ നിയമനടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കാലാവധി കഴിഞ്ഞ മരുന്നു വിറ്റ മെഡിക്കൽ സ്റ്റോറുകൾക്കെതിരെ യുള്ള കേസ്സുകൾ വിവിധ കോടതികളിൽ നടന്നു വരുന്നു. |
| (ഡി)കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി വിതരണം ചെയ്ത മരുന്നുകളിൽ 18 ശതമാനത്തിലധികം ഗുണനിലവാരം കുറഞ്ഞതായതിന്റെ കാരണമെന്തെന്ന് വിലയിരുത്തിയിട്ടുണ്ടോ; നിർമ്മാണ കമ്പനികൾക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി)നിശ്ചിത നിലവാരം പുലർത്തുന്ന മരുന്നുകളാണ് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന സംഭരിച്ച് വിതരണം ചെയ്തു വരുന്നത്. കോർപ്പറേഷൻ തെരഞ്ഞെടുക്കപ്പെട്ട, എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ ഉള്ള എട്ട് ലബോറട്ടറികളിൽ അയച്ച് മരുന്നുകളുടെ ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്. ഇതിനുപുറമേ സർക്കാരിന്റെ ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ അയച്ചും മരുന്നുകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നുണ്ട്. പരിശോധനയിൽ ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയാൽ പ്രസ്തുത മരുന്നിന്റെ മുഴുവൻ വിലയും കമ്പനിയിൽ നിന്നും ഈടാക്കുന്നതാണ്. ഒരു മരുന്നിന്റെ രണ്ടിലധികം ബാച്ചുകൾ നിശ്ചിത ഗുണനിലവാരമില്ല എന്നു പരിശോധനയിൽ കണ്ടെത്തുകയാണെങ്കിൽ പ്രസ്തുത മരുന്ന് വിതരണം ചെയ്യുന്നതിൽനിന്നും ആ കമ്പനിയെ കരിമ്പട്ടികയിൽപ്പെടുത്തുകയും, പ്രസ്തുത മരുന്നു വിതരണത്തിൽ നിന്നും ഈ കമ്പനിയ്ക്ക് മൂന്ന് വർഷത്തേയ്ക്ക് വിലക്ക് ഏർപ്പെടുത്തുകയും ചെയ്യുന്നു. മാത്രമല്ല ഒരു കമ്പനി സപ്ലൈ ചെയ്യുന്ന മരുന്നുകളുടെ പകുതിയിലധികം മരുന്നുകൾ ഗുണനിലവാരമില്ല എന്നു കണ്ടെത്തിയാൽ പ്രസ്തുത കമ്പനിയെത്തന്നെ കരിമ്പട്ടികയിൽപ്പെടുത്തും. |

സെക്ഷൻ ഓഫീസർ